## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 185 — 18.06.2013 -ൽ മറുപടിക്ക്

### കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് :<br>" എ. പി. അബ്ദുള്ളക്കുട്ടി :<br>" എം. പി. വിൻസെന്റ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (എ) | ചുവടെയുള്ള നടപടികൾ സ്വീകരിച്ചു:-<br>1. ആവശ്യാനുസരണം ഷെഡ്യൂളുകൾ വർദ്ധിപ്പിച്ചു.<br>2. സൂപ്പർ ക്ലാസ് സർവ്വീസുകൾ കെ.എസ്. ആർ.ടി.സി. ക്ക് മാത്രമായി നിജപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിച്ചു.<br>3. 1,000 പുതിയ ബസ്സുകൾക്ക് ഓർഡർ നൽകുകയും, അതിൽ 704 എണ്ണം ബോഡി നിർമ്മിച്ച് നിരത്തിലിറക്കുകയും ചെയ്തു.<br>4. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനു വാണിജ്യ പ്രാധാന്യമുള്ള ബസ് സ്റ്റേഷനുകളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു.<br>5. ആധുനികവല്ക്കരണത്തിന്റെ ഭാഗമായി പുതിയ ജി.പി.ആർ.എസ്. ഇ.ടി.എം. മെഷീനുകൾ വാങ്ങുന്നതിനും ബസുകളിൽ ജി.പി.എസ്. സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.<br>6. ഡ്രൈവർമാർ, മെക്കാനിക്ക് ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നല്കുന്ന പരിശീലനം, ബസുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, സ്പെയർ പാർട്സ്, ടയർ മുതലായവയുടെ ഉപയോഗം കുറയ്ക്കുക തുടങ്ങിയ കാര്യങ്ങളിൽ സത്വര നടപടികളും സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | എത്ര ബസ്സുകൾ പുറത്തിറക്കുകയും എത്ര പുതിയ ബസ്സുകൾക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്; | (ബി) | 30 സൂപ്പർ എക്സ്പ്രസ് ബസുകൾ, JnNURM പദ്ധതി പ്രകാരം ഓർഡർ നല്കിയിരുന്ന 111 ബസുകൾ, മറ്റ് വിഭാഗത്തിൽപ്പെട്ട 704 ബസുകൾ ഉൾപ്പടെ 845 ബസുകൾ പുറത്തിറക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം ആയിരം ബസുകൾക്ക് ഓർഡർ നല്കിയിരുന്നു. |
| (സി) | വിവിധ ബസ്സ് ടെർമിനലുകളുടെ ജോലികളിൽ എന്ത് പുരോഗതി നേടിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | BOT അടിസ്ഥാനത്തിൽ നിർമ്മിച്ചുവരുന്ന ബസ് ടെർമിനലുകളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ചുവടെ കാണാവുന്നതാണ്;<br>1. തിരുവനന്തപുരം:- 22.03.2010-ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. ബസ് ടെർമിനൽ കോംപ്ലക്സിന്റെ പ്രധാന കെട്ടിടത്തിന്റെയും അഡ്മിനിസ്ട്രേഷൻ കെട്ടിടത്തിന്റെയും സ്ട്രക്ചറൽ ജോലികൾ പൂർത്തിയാക്കിയതുൾപ്പടെ 80% പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.<br>2. അങ്കമാലി:- 19.09.2008-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 19.01.2011-ൽ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. 29, 181 ചതുരശ്ര അടി സ്ഥലം ഇതിനകം വാടകയ്ക്ക് നൽകിക്കഴിഞ്ഞു.<br>3. കോഴിക്കോട്:- 26.03.2009-ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. 83% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. പ്രധാന കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്സ് പൂർത്തിയായി. ഫിനിഷിംഗ് വർക്കുകൾ നടന്ന് വരുന്നു.<br>4. തിരുവല്ല:- 01.12.2010-ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. 82% പണി പൂർത്തിയായിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി സ്വന്തമായി |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിൽ കാസർഗോഡ്, കൊട്ടാരക്കര, കാട്ടാക്കട എന്നിവിടങ്ങളിൽ പണി പൂർത്തീകരിച്ചു പ്രവർത്തനം തുടങ്ങി കഴിഞ്ഞു.<br>നെടുമങ്ങാട്, തൊടുപുഴ, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>കൂടാതെ ഈഞ്ചയ്ക്കൽ, കോട്ടയം, പാലാ, മൂവാറ്റുപുഴ, ഹരിപ്പാട്, നിലമ്പൂർ, പത്തനംതിട്ട, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിലെ ബസ് ടെർമിനലുകളുടെ നിർമ്മാണത്തിനു മുന്നോടിയായി രൂപരേഖ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. പയ്യന്നൂരിന്റെ രൂപരേഖ തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഏതെല്ലാം തരത്തിലുള്ള പുതിയ സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട്; വിശദമാക്കുമോ ? | (ഡി) | ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ് എന്നീ തരം സർവ്വീസുകളും പുറമെ രാജധാനി റിംഗ് റോഡ്, എന്റ് ടു എന്റ്, പോയിന്റ് ടു പോയിന്റ് എന്നീ തരം സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ